# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ * 371

16/03/2017-ൽ മറുപടിയ്ക്ക്.

## ക്ഷീരകർഷകരെ സഹായിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീ. ഇ.ടി ടൈസൺ മാസ്റ്റർ<br>ശ്രീമതി. സി.കെ.ആശ<br>ശ്രീ. എൽദോ എബ്രഹാം | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) പാൽ വിലവർദ്ധനവിന്റെ ഗുണം കർഷകന് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കുമോ ; | (എ) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ കർഷകർക്ക് ഉൽപാദനചെലവിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് സംഭരണ വില വർദ്ധിപ്പിച്ചു നൽകുന്നതിനായിട്ടാണ് പാൽ വില വർദ്ധിപ്പിച്ചത്. ഈ കാരണത്താൽ വർദ്ധിപ്പിച്ച വിൽപന വിലയുടെ 83.75% അതായത് വിൽപന വില 4 രൂപ വർദ്ധിപ്പിച്ചപ്പോൾ അതിൽ നിന്നും 3.35 രൂപയും കർഷകർക്ക് നൽകുകയാണ് ഉണ്ടായത്. അതോടൊപ്പം പാൽ വില ചാർട്ടിൽ കാര്യമായ പരിഷ്കരണം നടത്തുക വഴി കർഷകർക്ക് കൂടുതൽ ഗുണം ലഭിക്കാനായി . സാധാരണയായി പാൽ വില വർദ്ധിപ്പിക്കുമ്പോൾ സംഭരണവില വർദ്ധിപ്പിക്കുന്നത് 3.5% കൊഴുപ്പും 8.5% കൊഴുപ്പിതര ഖര പദാർത്ഥങ്ങളുമടങ്ങിയ പാലിനാണ്. എന്നാൽ ഇത്തവണ അത് 3% കൊഴുപ്പും 8.5% കൊഴുപ്പിതര ഖര പദാർത്ഥങ്ങളുമടങ്ങിയ പാലിനാണ് സംഭരണ |

വിലയിൽ ലിറ്ററൊന്നിന് 3.35 രൂപ വർദ്ധിപ്പിച്ചത്. ഈ കാരണത്താൽ സംസ്ഥാനത്ത് ഇന്ന് സംഭരിക്കുന്ന പാലിന്റെ ശരാശരി ഗുണനിലവാരമായ 4.1% കൊഴുപ്പും 8.3% കൊഴുപ്പിതര ഖര പദാർത്ഥങ്ങളുമടങ്ങിയ പാലിന് ക്ഷീരകർഷകന് ലിറ്ററിന് 4.02 രൂപ വർദ്ധനവ് ലഭ്യമായിട്ടുണ്ട്. അതായത് പാലിന്റെ വിൽപന വില ലിറ്ററിന് 4 രൂപ വർദ്ധിപ്പിച്ചപ്പോൾ കർഷകന് ലിറ്ററിന് 4.02 രൂപ വർദ്ധനവ് ലഭ്യമായി. ഇത്തവണ പാൽ വില വർദ്ധനവ് മുകളിൽ സൂചിപ്പിച്ച കാരണങ്ങളാൽ കർഷകന് ഏറ്റവും ഗുണകരമാണെന്നും പാൽ വില ചാർട്ട് പരിഷ്കരണത്തിലൂടെ പാൽ വില വർദ്ധനവിന്റെ ഗുണം കർഷകന് പൂർണ്ണമായും ലഭ്യമായിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയിട്ടുണ്ട്. കൂടാതെ ക്ഷീര കർഷകർ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് മേഖല യൂണിയനുകൾ ക്ഷീരകർഷകർക്ക് പാൽ വിലയിൽ ഇൻസെന്റീവും നൽകി വരുന്നു.

പുതുക്കിയ പാൽവില ചാർട്ട് സംഘം നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതിന് എല്ലാ ക്ഷീരസംഘങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം തന്നെ പാൽ വിലയുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള പരാതികൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും/ക്വാളിറ്റി കൺട്രോൾ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

| | |
|---|---|
| (ബി) സംസ്ഥാനത്ത് തീറ്റപ്പുല്ലിന്റെ ദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ, തരിശുകിടക്കുന്ന ഭൂമിയിൽ തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) നടപടി സ്വീകരിച്ചു വരുന്നു.<br>തീറ്റപ്പുല്ലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് സർക്കാർ, പൊതുമേഖല,സ്വകാര്യ വ്യക്തികൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള തരിശു കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി തീറ്റപ്പുൽകൃഷി നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.<br>മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ.